Reg. No. : ....................................

Name : ........................................

**FY-262**

**FIRST YEAR HIGHER SECONDARY EXAMINATION, SEPTEMBER 2021**

Part – II

Time : $2\frac{1}{2}$ Hours

# മലയാളം

Cool-off time : 20 Minutes

**(MALAYALAM)**

Maximum : 80 Scores

**(Hearing Impaired)**

*വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :*

- നിർദ്ദിഷ്ട സമയത്തിന് പുറമെ 20 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.

**1 മുതൽ 10 വരെയുള്ള ചോദ്യങ്ങൾക്ക് ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക.** **(10 × 1 = 10)**

1. 'സന്ദർശനം' എന്ന കവിതയിൽ കവി അവതരിപ്പിക്കുന്ന പ്രസാദാത്മക പദം കണ്ടെത്തി എഴുതുക.

   (കനകമൈലാഞ്ചി, നരക രാത്രി, സത്രച്ചുമര്, മരണവേഗം)

2. താഴെപ്പറയുന്നവയിൽ നിന്ന് 'ഓർമ്മയുടെ ഞരമ്പ്' എന്ന കഥയിലെ കഥാപാത്രം ഏതെന്ന് കണ്ടെത്തി എഴുതുക.

(പത്മാക്ഷി, മാരി, അരുണാചലം, ചെമ്പൻ)

3. 'മത്സ്യം' എന്ന കവിതയുമായി ബന്ധപ്പെട്ട പദം കണ്ടെത്തി എഴുതുക.

(കൃഷ്ണകാന്തം, കനകമൈലാഞ്ചി, കുങ്കുമത്തരി, ചൂണ്ടക്കൊളുത്ത്)

4. 'വേരുകളിൽ ഒളിഞ്ഞിരിക്കുന്ന ഔഷധമൂല്യം അറിയുന്ന മൂപ്പൻ' എന്ന് എൻ.എ. നസീർ വിശേഷിപ്പിക്കുന്നതാരെ ?

(കണ്ണൻ, അരുണാചലം, ഉടുമ്പുമാരി, ശ്രീജിത്ത്)

5. 'അദ്ദേഹം എന്നെ അടുത്തുവിളിച്ച് രണ്ട് കൈയും ഈ തലയിൽ വച്ച് അനുഗ്രഹിച്ചു.' ആര് ?

(വള്ളത്തോൾ, കുമാരനാശാൻ, ഉള്ളൂർ, ചങ്ങമ്പുഴ)

6. മത്സ്യം പൊരുതി നിന്നത് ആരോടാണ് ?

(പക്ഷികളോട്, മഴയോട്, കടൽത്തിരയോട്, വെയിലിനോട്)

7. 'ഏറിയ ദുഃഖത്തിലും ജീവിതോല്ലാസത്തിന്റെ വേരുറപ്പ്' കാണുന്നത് എവിടെയാണെന്നാണ് കവി അഭിപ്രായപ്പെടുന്നത് ?

(നാട്ടിൻ പുറത്ത്, നഗരത്തിൽ, കാടുകളിൽ, താഴ്‌വാരങ്ങളിൽ)

8. "ഇനിയും സൗകര്യം പോലെ വായിക്കാവുന്ന ഒരു ലഘു ഗ്രന്ഥമാണല്ലോ ഞാൻ" ഈ വാക്കുകൾ ഏത് കൃതിയിലേതാണ് ?

(ഊഞ്ഞാലിൽ, അനർഘനിമിഷം, ഓർമ്മയുടെ ഞരമ്പ്, ലാത്തിയും വെടിയുണ്ടയും)

9. 'സുഭഗമായും അർത്ഥഗർഭമായും വാക്കുകളെക്കൊണ്ട് നൃത്തം ചെയ്യിക്കലാണ് കവിത' എന്ന് പറഞ്ഞത് ആരാണ് ?

(വൈലോപ്പിള്ളി, കെ.ആർ. മീര, ബാലചന്ദ്രൻ ചുള്ളിക്കാട്, എം.എൻ. വിജയൻ)

10. 'ലാത്തിയും വെടിയുണ്ടയും' എന്ന പാഠഭാഗം ഏത് കൃതിയിൽ നിന്നും എടുത്തിട്ടുള്ളതാണ് ?

(അഗ്നിസാക്ഷി, ഇന്ദുലേഖ, കൃഷ്ണഗാഥ, കന്നിക്കൊയ്ത്ത്)

താഴെക്കൊടുത്തിരിക്കുന്ന പ്രസ്താവനകൾ ശരിയോ തെറ്റോ എന്ന് കണ്ടെത്തി എഴുതുക.
(ഏതെങ്കിലും **2** എണ്ണം) (സ്കോർ **1** വീതം) **(2 × 1 = 2)**

11. അവ്യവസ്ഥിതത്വം കവിതയുടെ സ്വഭാവമാണ്.

12. ദേവകി മാനമ്പിള്ളിയും ദേവീബഹനും രണ്ടുപേരാണ്.

13. 'ഓർമ്മയുടെ ഞരമ്പിലെ' വൃദ്ധയുടെ മൂന്നാമത്തെ കഥയുടെ പേര് 'ദുർമരണം' എന്നാണ്.

14. വേരുകളിൽ ഒളിഞ്ഞിരിക്കുന്ന ഔഷധമൂല്യം അറിയുന്ന മൂപ്പനായിരുന്നു വാച്ചർ കണ്ണൻ.

15. ചില പാഠഭാഗവുമായി ബന്ധപ്പെട്ട ഏതാനും സൂചനകൾ ചുവടെ ചേർക്കുന്നു. അവ ഏത് പാഠത്തിലേതാണെന്ന് കണ്ടെത്തി എഴുതുക. **(5 × 2 = 10)**

(വലക്കണ്ണി, ഉടുമ്പ്മാരി, വായ്ത്തല, നഗരവീഥി, വീരവാനരസേന, താംബൂലപ്രിയ, ചെമ്പൻ, നിത്യപ്രയാണം, നാരീസേവാസമിതി, തിരുവാതിരത്തിക്കട്ട)

(a) സന്ദർശനം
- 
- 

(b) വേരുകൾ നഷ്ടപ്പെടുത്തുന്നവർ
- 
- 

(c) ലാത്തിയും വെടിയുണ്ടയും
- 
- 

(d) മത്സ്യം
- 
- 

(e) ഊഞ്ഞാലിൽ
- 
- 

16. ചേരും പടി ചേർത്തെഴുതുക. (4 × 1 = 4)

| എ | ബി |
|---|---|
| ഊഞ്ഞാലിൽ | കെ.ആർ. മീര |
| ലാത്തിയും വെടിയുണ്ടയും | ബാലചന്ദ്രൻ ചുള്ളിക്കാട് |
| സന്ദർശനം | വൈലോപ്പിള്ളി |
| ഓർമയുടെ ഞരമ്പ് | ലളിതാംബിക അന്തർജനം |

**അല്ലെങ്കിൽ**

| എ | ബി |
|---|---|
| എൻ.എ. നസീർ | അഗ്നിസാക്ഷി |
| ടി.പി. രാജീവൻ | ശ്രീരേഖ |
| ലളിതാംബിക അന്തർജനം | കാടിനെ ചെന്ന് തൊടുമ്പോൾ |
| വൈലോപ്പിള്ളി | രാഷ്ട്രതന്ത്രം |

17. ചുവടെ കൊടുത്തിരിക്കുന്ന പ്രസ്താവനകൾ ഏത് കഥാപാത്രത്തിന്റേതാണെന്ന് കണ്ടെത്തി പട്ടിക ക്രമീകരിക്കുക. (2 × 2 = 4)

| കഥാപാത്രങ്ങൾ | പ്രസ്താവനകൾ |
|---|---|
| മാരി | "എത്ര നാളായിട്ട് പഠിക്കുന്നതാ, ഇതെന്നാ ഒന്ന് തീരുന്നത് ?" |
| പത്മാക്ഷി | "ശാറെ, എനിയ്ക്ക അമ്പത് വയസ്സാച്ച്" |

**അല്ലെങ്കിൽ**

| കഥാപാത്രങ്ങൾ | പ്രസ്താവനകൾ |
|---|---|
| തങ്കം നായർ | 'എന്റെ ചിരിക്കകത്തുള്ള ദുഃഖത്തിന്റെ മുഴക്കം അവർ കേൾക്കുന്നില്ല' |
| ബഷീർ | 'പുതിയ തലമുറയ്ക്ക് രണ്ടമ്മമാരുണ്ട്' |

18. നൽകിയിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(6 × 1 = 6)**

വലിയ ചീനിവൃക്ഷങ്ങൾ കാണുമ്പോൾ, ചെമ്പന്റെയും കുമാരന്റെയും കൂടെ തേൻ നോക്കാൻ ഷോളയാർ കാടുകളിൽ അലഞ്ഞുതിരിഞ്ഞു നടന്നതും ഓർമയിലുണരും. അടിച്ചിൽത്തൊട്ടി മുതുവക്കടിയിൽ നിന്ന് ഞങ്ങളന്ന് കാടിന്റെ ഏറെ ഉള്ളിലായിരുന്നു.

കാട്ടുചോലകൾക്കുള്ളിലും വൻവൃക്ഷച്ചോടുകൾക്കിടയിലും അന്തിയുറങ്ങിയ രാവുകൾ. കുമാരൻ എപ്പോഴും വലിയ ചീനിമരച്ചോട് ഉറക്കത്തിനായി തിരഞ്ഞെടുക്കുമായിരുന്നു. അവയുടെ വേരുകൾ തായ്ത്തടിയിൽ നിന്നു താന്ന ചുറ്റിനും പടർന്ന ഉയരത്തിൽ ഭിത്തി പോലെ നിൽപുണ്ടായിരുന്നു. ആദ്യമൊക്കെ ആ കാഴ്ച കൗതുകകരമായിരുന്നു. ഇത്തരം വേരുകൾ (Bettresses) ക്കിടയിൽ കാട്ടുക്കുവയിലകൾ മെത്തപോലെ വിരിച്ച് ചെമ്പനും കുമാരനും ഉറക്കറ തയ്യാറാക്കും. രണ്ട് വേരുകൾക്കിടയിൽ അഞ്ചും ആറും പേർക്കൊക്കെ സുഖമായി കിടന്നുറങ്ങാം. ഷോളയാറിന്റെ ഇരുണ്ട കാട്ടിടങ്ങളിൽ ഇത്തരം മഹാവൃക്ഷങ്ങൾ അനവധിയുണ്ട്.

(1) വലിയ ചീനിവൃക്ഷങ്ങൾ കാണുമ്പോൾ ലേഖകന്റെ ഓർമയിലുണരുന്നത് എന്താണ് ?

(2) ഷോളയാർ കാടുകൾക്കുള്ളിൽ ലേഖകനും കൂട്ടരും അന്തിയുറങ്ങിയിരുന്നത് എവിടെയായിരുന്നു ?

(3) 'കൗതുകകരമായ കാഴ്ച' എന്ന് ലേഖകൻ വിശേഷിപ്പിക്കുന്നത് എന്തിനെയാണ് ?

(4) തേൻ നോക്കാൻ ഷോളയാർകാടുകളിൽ ലേഖകൻ അലഞ്ഞുതിരിഞ്ഞത് ആരോടൊപ്പമായിരുന്നു ?

(5) മേൽ കൊടുത്തിരിക്കുന്ന ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നിർദ്ദേശിക്കുക.

(6) എപ്പോഴും ചീനിമരച്ചോട് ഉറക്കത്തിനായി തിരഞ്ഞെടുത്തിരുന്നത് ആരായിരുന്നു ?

19. താഴെകൊടുത്തിരിക്കുന്ന പദങ്ങളിൽ ഉചിതമായവതിരഞ്ഞെടുത്ത് പട്ടിക പൂർത്തിയാക്കുക. **(2 × 2 = 4)**

(ഊഞ്ഞാൽ, വേരുകൾ നഷ്ടപ്പെടുത്തുന്നവർ, കാവ്യകലയെക്കുറിച്ച് ചില നിരീക്ഷണങ്ങൾ, സന്ദർശനം)

| കവിത | ലേഖനം |
|---|---|
| • | • |
| • | • |

**അല്ലെങ്കിൽ**

കൃഷ്ണകാന്തം, ആയിരം കൽമണ്ഡപം, ചിദംബര സന്ധ്യ, തിരുവാതിരത്തിക്കട്ട.

| സന്ദർശനം | ഊഞ്ഞാലിൽ |
|---|---|
| • | • |
| • | • |

**20 മുതൽ 26 വരെയുള്ള ചോദ്യങ്ങൾക്ക് 3-4 വാക്യങ്ങളിൽ ഉത്തരമെഴുതുക (ഏതെങ്കിലും മൂന്നെണ്ണം) (3 × 4 = 12)**

20. 'പൊൻ ചെമ്പകം പൂത്ത കരൾ' എന്ന പ്രയോഗത്തിന്റെ ആശയം കുറിക്കുക.

21. 'എന്റെ ചിരിക്കകത്തുള്ള ദുഃഖത്തിന്റെ മുഴക്കം അവർ കേൾക്കുന്നില്ല.' ബഷീർ ഇങ്ങനെ പറയുന്നത് എന്തുകൊണ്ടാവാം ?

22. "അർഹിക്കുന്ന ആദരം കിട്ടാത്ത യജമാനന്റെ ഈർഷ്യയോടെ അയാൾ ചോദിച്ചു." (ഓർമയുടെ ഞരമ്പ്) – പെൺകുട്ടിയുടെ ഏത് തരത്തിലുള്ള ജീവിതാവസ്ഥയാണ് ഇവടെ സൂചിപ്പിക്കപ്പെടുന്നത് ? നിങ്ങളുടെ നിഗമനങ്ങൾ കുറിക്കുക.

23. ‘എത്ര ദുർബലയാണ് താൻ ! എത്ര ഹീനയാണ് !’ തങ്കം നായർ ഇങ്ങനെ ചിന്തിക്കാനിടയായ സാഹചര്യം വിലയിരുത്തുക.

24. മനുഷ്യ സ്വാതന്ത്ര്യത്തെ മാനിക്കുന്ന എന്തൊക്കെ ഘടകങ്ങളാണ് ‘മത്സ്യം’ എന്ന കവിതയിലുള്ളത് ?

25. ‘പതിനഞ്ചു വർഷം മുമ്പ് ഞാൻ മാരിയെ കാണുമ്പോഴും അമ്പതു വയസ്സ്. ഇന്നും അമ്പതു വയസ്സ്.’ മാരിയ്ക്ക് വയസ്സ് കൂടാത്തിതിന്റെ കാരണം ‘വേരുകൾ നഷ്ടപ്പെടുത്തുന്നവർ’ എന്ന ലേഖനത്തിൽ നിന്ന് കണ്ടെത്തുക.

26. ഒരേ മാനത്ത് പ്രത്യക്ഷപ്പെടുന്ന യുദ്ധവിമാനവും തിരുവാതിര നക്ഷത്രവും ഏതെല്ലാം അർത്ഥ സാദ്ധ്യതകളാണ് നമുക്ക് നല്കുന്നത് ? വിശദമാക്കുക.

**27 മുതൽ 32 വരെയുള്ള ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**
**(ഏതെങ്കിലും രണ്ടെണ്ണം)** **($2 \times 6 = 12$)**

27. പ്രണയത്തിന്റെ ഭൂതവർത്തമാനങ്ങൾ ‘സന്ദർശനം’ എന്ന കവിതയിൽ എപ്രകാരമാണ് അവതരിപ്പിക്കപ്പെടുന്നത് ?

28. ‘എന്തിനു ? മർത്ത്യായുസ്സിൽ സാരമായതു ചില മുന്തിയ സന്ദർഭങ്ങൾ – അല്ല മാത്രകൾ – മാത്രം.’ ഈ വരികൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

29. മരണത്തെയും ജീവിതത്തെയും കുറിച്ചുള്ള ബഷീറിന്റെ കാഴ്ചപ്പാട്. ‘അനർഘനിമിഷം’ എന്ന പാഠഭാഗത്തെ ആസ്പദമാക്കി ചർച്ചചെയ്യുക.

30. ‘അഗ്നിസാക്ഷി’ എന്ന നോവലിലെ മിസ്സിസ്സ് തങ്കം നായർ എന്ന കഥാപാത്രത്തിന്റെ സ്വഭാവ നിരൂപണം ‘ലാത്തിയും വെടിയുണ്ടയും’ എന്ന പാഠഭാഗത്തെ അടിസ്ഥാനമാക്കി തയ്യാറാക്കുക.

31. 'ഓരോ വൃക്ഷവും വേരുകളിലൂടെ ആകാശത്തോളം ഉയർന്നു നില്ക്കുന്നത് ആസ്യദിക്കണമെങ്കിൽ നാം വേരുകൾക്കൊപ്പം താഴണം.' കാട് നല്കുന്ന ജീവിതപാഠത്തെ കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

32. 'ഓർമയുടെ ഞരമ്പ്' എന്ന ശീർഷകത്തിന്റെ ഔചിത്യം പരിശോധിക്കുക.

**33 മുതൽ 37 വരെയുള്ള ചോദ്യങ്ങൾക്ക് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (ഏതെങ്കിലും രണ്ടെണ്ണം)** **(2 × 8 = 16)**

33. യൗവന കാലത്തിലെ ഓർമകൾ കൊണ്ട് വാർദ്ധക്യത്തിലെ വിരസതയെ മറികടക്കാനുള്ള ആഗ്രഹമാണോ 'ഊഞ്ഞാലിൽ' എന്ന കവിതയെ ആകർഷകമാക്കുന്നത് ? പാഠഭാഗത്തെ ആസ്പദമാക്കി വിശദീകരിക്കുക.

34. 'വേരുകൾ നഷ്ടപ്പെടുത്തുന്നവർ' എന്ന ലേഖനം പ്രകൃതിയെ മറന്നുകൊണ്ട് ജീവിക്കുന്നവർക്കുള്ള വിമർശനമായി തീരുന്നുണ്ടോ ? പരിശോധിച്ച് കുറിപ്പ് തയ്യാറാക്കുക.

35. 'പ്രണയതീരത്ത് സാന്ത്വനം കൊള്ളാൻ കൊതിക്കുമ്പോഴും അതിനാവാതെ പിടയുന്ന ഒരു വിഹ്വലമനസ്സിന്റെ യാത്രാരേഖയാണ് 'സന്ദർശനം എന്ന കവിത'. ഈ നിരീക്ഷണം വിലയിരുത്തി 'സന്ദർശന'ത്തിന് ആസ്വാദനം തയ്യാറാക്കുക.

36. 'ഒരേ കാലഘട്ടത്തിന്റെ രണ്ട് മുഖങ്ങൾ 'ലാത്തിയും വെടിയുണ്ടയും' എന്ന പാഠഭാഗത്ത് ചിത്രീകരിക്കപ്പെടുന്നുണ്ട്' ഈ അഭിപ്രായം വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

37. സ്വാതന്ത്ര്യം എന്ന സങ്കല്പത്തിന് 'ഓർമയുടെ ഞരമ്പ്' എന്ന കഥയിൽ വ്യത്യസ്തമായ മാനങ്ങളുണ്ട്.

- ദേശത്തിന്റെ സ്വാതന്ത്ര്യം
- സ്ത്രീയുടെ സ്വാതന്ത്ര്യം
- ആവിഷ്ക്കാര സ്വാതന്ത്ര്യം

ഈ ആശയങ്ങൾ കഥയിൽ ആവിഷ്ക്കരിക്കപ്പെടുന്നതെങ്ങനെ ? പാഠഭാഗം പരിശോധിച്ച് ഉപന്യാസം തയ്യാറാക്കുക.